Draft #2 of File 73489/ACA16-SO/2025/VC SECTION Approved by ASSISTANT REGISTRAR III (ACADEMIC) on 10-Sep-2025 04:31 PM - Page 1

Graded as Category 1 Autonomous University By UGC
Mahatma Gandhi University

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ഓണേഴ്‌സ് ബിരുദ പ്രോഗ്രാമുകൾ - മൂന്നാം സെമസ്റ്ററിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപകൽപ്പന ചെയ്തിരിക്കുന്ന Knowledge Systems of Kerala എന്ന പുസ്തകത്തെ അടിസ്ഥാനമാക്കി Multi Disciplinary Course തയ്യാർ ചെയ്ത് ഉൾപ്പെടുത്തുന്നത് - സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ACA 16

നമ്പർ. 8465/ACA 16/2025/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 11.09.2025

---

*പരാമർശം:*-1. വൈസ് ചെയർമാൻ, കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ നൽകിയ 25.07.2025 തീയതിയായ കത്ത്.

2. 14.08.2025 ന് കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 121/25.06/73489/AC A16- SO/2025

**<u>ഉത്തരവ്</u>**

രാജ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ബിരുദ പാഠ്യപദ്ധതിയുടെ ഭാഗമായി Indian Knowledge Systems -ൽ ഒരു നിർബന്ധിത Multi Disciplinary Course ഉൾപ്പെടുത്താൻ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നിർദ്ദേശം നൽകിയിരുന്നു.

അതിനനുസൃതമായി കേരളത്തിന്റെ തനതായ സാംസ്കാരികവും ബൗദ്ധികവുമായ പൈതൃകം പരിഗണിച്ച് Knowledge Systems of Kerala എന്ന പുസ്തകം ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപകൽപ്പന ചെയ്യുകയും ആയതിനെ അടിസ്ഥാനമാക്കി ഓണേഴ്‌സ് ബിരുദ പ്രോഗ്രാമുകളുടെ മൂന്നാം സെമസ്റ്ററിൽ Multi Disciplinary Course തയ്യാർ ചെയ്ത് കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതിന് പരാമർശം (1) പ്രകാരം സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

അതിൻപ്രകാരം ഓണേഴ്‌സ് ബിരുദ പ്രോഗ്രാമുകളുടെ മൂന്നാം സെമസ്റ്ററിലേക്ക് പ്രസ്തുത പുസ്തകത്തെ അടിസ്ഥാനമാക്കി Multi Disciplinary Course തയ്യാർ ചെയ്ത് ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം സിൻഡിക്കേറ്റ് സ്റ്റാൻഡിങ് കമ്മിറ്റി -അക്കാദമിക് അഫയേഴ്സിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു. ആയത് പരിഗണിച്ച സിൻഡിക്കേറ്റ് യോഗം പരാമർശം (2) പ്രകാരം ചുവടെ നൽകിയിരിക്കുന്ന തീരുമാനം കൈക്കൊണ്ടിരിക്കുന്നു.

"നിലവിൽ മൂന്നാം സെമസ്റ്റർ ക്ലാസുകൾ ആരംഭിച്ച സാഹചര്യത്തിൽ 2025-26 അക്കാദമിക വർഷം Knowledge Systems of Kerala എന്ന പുസ്തകത്തെ അടിസ്ഥാനമാക്കി പുതുതായി സിലബസ് തയ്യാറാക്കിയുള്ള അദ്ധ്യയനം സാധ്യമല്ലാത്തതിനാലും സംസ്കൃതത്തിന് നിലവിൽ Knowledge Systems of Kerala അനുസരിച്ച് സിലബസ് തയ്യാറാക്കിയിട്ടുള്ളതിനാലും സംസ്കൃതം ഒഴികെയുള്ള ഭാഷാവിഷയങ്ങളിൽ അടുത്ത അക്കാദമിക വർഷം മുതൽ സിലബസിൽ ഉൾപ്പെടുത്താൻ സാധിക്കും വിധം പ്രസ്തുത പുസ്തകത്തെ അടിസ്ഥാനമാക്കി മൂന്നാം സെമസ്റ്ററിൽ Multi Disciplinary Course തയ്യാർ ചെയ്ത് MDC ബാസ്ക്കറ്റിൽ

ഉൾപ്പെടുത്തുന്നതിന് ഭാഷാ വിഷയങ്ങളുടെ വിദഗ്ദ്ധ സമിതി / ബോർഡ് ഓഫ് സ്റ്റഡീസിന് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു ."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുധ മേനോൻ ജെ

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
2. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ മാർ
3. വൈസ് ചെയർമാൻ, കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ
4. ജെ ആർ 2 (ഭരണവിഭാഗം) /ഡി ആർ 2/എ ആർ 3 (അക്കാദമിക് വിഭാഗം)
5. കൺവീനർമാർ, ഭാഷാവിഷയങ്ങളുടെ വിദഗ്ദ്ധ സമിതികൾ
6. എ സി സി 1/ എ സി സി 2 സെക്ഷനുകൾ
7. പി ആർ ഒ /ഐ ക്യൂ എ സി / റെക്കോർഡ്‌സ് സെക്ഷനുകൾ
8. ആക്ഷൻ ടേക്കൺ റിപ്പോർട്ട്
9. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഫയൽ നം. 73489/AC A16-SO/2025/VC SECTION

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 73489/ACA16-SO/2025/VC SECTION Approved by ASSISTANT REGISTRAR III (ACADEMIC) on 10-Sep-2025 04:31 PM - Page 2